"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ഭിന്നശേഷി സംവരണം - നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി (സി) **11373/2024** നമ്പർ ഹർജിയിൽ ബഹു.സുപ്രീം കോടതി **04.03.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ചു തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms) No.43/2025/GEDN തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി (സി) നം.**11373/2024** നമ്പർ ഹർജിയിൽ ബഹു.സുപ്രീം കോടതി **04.03.2025** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
2. അഡ്വക്കേറ്റ് ജനറലിന്റെ **10.03.2025** തീയതിയിലെ എസ്3-സി.എ **3568./2025** നമ്പർ കത്ത്.
3. നായർ സർവീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ചു ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനവും അനുബന്ധ രേഖകളും.

**ഉത്തരവ്**

ബഹു സുപ്രീം കോടതി, നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി (സി) **11373/2024** നമ്പർ ഹർജിയിൽ **04.03.2025** തീയതിയിൽ പരാമർശം **(1)** പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നായർ സർവീസ് സൊസൈറ്റി ജനറൽ സെക്രട്ടറി പരാമർശം **(3)** പ്രകാരം നിവേദനം സമർപ്പിച്ചു.നിവേദനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള നായർ സർവീസ് സൊസൈറ്റിയുടെ മാനേജ്മെന്റിന്റെ കീഴിലുള്ള വിവിധ എയ്ഡഡ് സ്കൂളുകളിൽ തുടരുന്ന ജീവനക്കാരുടെ നിയമനം ശമ്പള സ്കെയിലിൽ റെഗുലറായി ക്രമീകരിക്കാനുള്ള

നിർദേശം നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ബഹു.സുപ്രീം കോടതിയുടെ പരാമർശം (1) ലെ ഉത്തരവിനനുസൃതമായി, പരാമർശം (3) ലെ നിവേദനത്തിനോടൊപ്പം സമർപ്പിച്ചിട്ടുള്ളതും അനുബന്ധമായി ചേർത്തിട്ടുള്ളതുമായ പട്ടികയിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിച്ച് അവരുടെ നിയമനം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ,റെഗുലർ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.പ്രസ്തുത നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

3) ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി മാറ്റി വച്ചിട്ടുള്ള തസ്തികകളിൽ അവരെ നിയമിക്കുന്നതിനുള്ള നടപടികൾ കോടതി വിധി പാലിച്ചുകൊണ്ട് മാനേജ്മെന്റ് സ്വീകരിക്കേണ്ടതാണ്.ഭാവിയിൽ മാനേജ്മെന്റ് നടത്തുന്ന എല്ലാ നിയമനങ്ങൾക്കും മേൽ സുപ്രീം കോടതി വിധി ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MEENAMBIKA M I
ADDITIONAL SECRETARY

ജനറൽ സെക്രട്ടറി,നായർ സർവീസ് സൊസൈറ്റി.
അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം (ഹയർ സെക്കന്ററി വിഭാഗം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അഡീഷണൽ ഡയറക്ടർമാർക്കും ,ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന).
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 17-03-2025 17:53:38
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ